**ഇന്ത്യ ഫൗണ്ടേഷൻ ഫോർ ദി ആർട്സിന്റെ (IFA)**
**ആർട്സ് റിസേർച്ച് പ്രോഗ്രാമിലേക്ക്**
പ്രൊപ്പോസൽ അയയ്ക്കാനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു.

പ്രൊപ്പോസൽ അപേക്ഷിക്കേണ്ട അവസാന തീയതി:
**August 10, 2026**

മറ്റ് ഇന്ത്യൻ ഭാഷകളിലുള്ള അപേക്ഷകൾക്ക് ഇവിടെ ക്ലിക്ക് ചെയ്യുക.

2025-ൽ ആരംഭിച്ച ഐ എഫ് എ ആർട്സ് റിസർച്ച് പ്രോഗ്രാം, കലാഗവേഷണത്തിലെ വ്യത്യസ്തവും വഴക്കമുള്ളതുമായ സമീപനങ്ങളുടെ മൂല്യം തിരിച്ചറിയുന്നതിനായി വിഭാവനം ചെയ്തിട്ടുള്ളതാണ്. സർഗ്ഗാത്മകവും പണ്ഡിതപരവും സാംസ്കാരികവുമായ പരിശീലനത്തിൽ വേരൂന്നിയ അറിവിന്റെയും ചിന്തയുടെയും രൂപങ്ങൾ അന്വേഷിക്കുക എന്നതാണ് ഈ പദ്ധതിയുടെ പരമമായ ലക്ഷ്യം. ഇന്ത്യയിലെ കലാ പരിശീലനത്തിന്റെ ചരിത്രങ്ങളെയും ആവിഷ്ക്കാരങ്ങളെയും കുറിച്ചുള്ള വൈവിധ്യമാർന്ന വീക്ഷണങ്ങൾ പുറത്തുകൊണ്ടുവരുന്നതിനായി അന്വേഷണാത്മകവും സമ്പർക്ക സ്വഭാവമുള്ളതും പ്രതിഫലനാത്മകവും പരീക്ഷണപരവുമായ രീതിശാസ്ത്രങ്ങൾ അവലംബിച്ച് കലകളെക്കുറിച്ച് ആഴത്തിലുള്ള ധാരണ വളർത്തിയെടുക്കുന്നതിനാണ് ഞങ്ങൾ ഈ ഗവേഷണ പദ്ധതി നടപ്പിൽ വരുത്തുന്നത്.

ഈ പദ്ധതിയുടെ കീഴിൽ വരുന്ന കലാഗവേഷണം എന്ന ആശയത്തെ ചുവടെ ചേർക്കും വിധം മനസിലാക്കാനാണ് ഞങ്ങൾ ശ്രമിക്കുന്നത്.

- കലകളെക്കുറിച്ച് ഗവേഷണം നടത്തുന്നതിനും, അതിനെ നിർവചിക്കുന്നതിനും, പ്രചരിപ്പിക്കുന്നതിനുമുള്ള നൂതനമായ വഴികൾ വികസിപ്പിച്ചെടുക്കാൻ കഴിയുന്ന പ്രയോഗശേഷിയുള്ള ഒരു ഗവേഷണരീതിയാണ് ഈ പദ്ധതിക്ക് കീഴിൽ വിഭാവനം ചെയ്യുന്നത്. കേവലമായ വിവരശേഖരണത്തെ അതിലംഘിക്കുന്ന പരീക്ഷണപരമായ ഗവേഷണത്തെ ഞങ്ങൾ പ്രോത്സാഹിപ്പിക്കുന്നു. കൂടാതെ, കലകളെക്കുറിച്ച് ആർക്കൊക്കെയാണ് ഗവേഷണം നടത്താൻ കഴിയുന്നത്, ഗവേഷണത്തിന്റെ പരിധിയിൽ വരുന്ന വിഷയങ്ങളുടെ പ്രാധാന്യമെന്താണ്, എങ്ങനെയാണ് വിഷയങ്ങൾ ഉരുത്തിരിയുന്നത്, തുടങ്ങിയ ചോദ്യങ്ങളെ അടിസ്ഥാനമാക്കിയുള്ള വെല്ലുവിളി നിറഞ്ഞ പഠനങ്ങളാണ് ഞങ്ങൾ ലക്ഷ്യമിടുന്നത്.

- ശരീരം, സാങ്കേതികവിദ്യ, വ്യക്തിഗത വിവരണങ്ങൾ, ഓർമ്മകൾ, അനുഭവങ്ങൾ, ബന്ധങ്ങൾ, ഭാവന തുടങ്ങിയ സങ്കേതങ്ങളിലൂടെ അറിവ് നേടുന്നതിനും ചിന്തിക്കുന്നതിനുമുള്ള വേറിട്ട ഗവേഷണ വഴികൾ അന്വേഷിക്കാൻ ഈ പദ്ധതി പ്രേരിപ്പിക്കുന്നു. ഇതിലൂടെ ഗവേഷണത്തിന്റെ നടപ്പുരീതികളെ പുനർവിചിന്തനം ചെയ്യാനും പുതിയ ആശയലോകങ്ങൾ നിർമ്മിക്കാനും കഴിയുമെന്നാണ് ഞങ്ങൾ കരുതുന്നത്.

- ഒരാളുടെ സർഗ്ഗാത്മകവും കലാപരവും സാംസ്കാരികവുമായ പ്രവർത്തനങ്ങളെക്കുറിച്ച് നേരിട്ടുള്ള അന്വേഷണം സാദ്ധ്യമാക്കുക എന്നത് ഈ പദ്ധതിയുടെ ലക്ഷ്യമാണ്. വിമർശനപരവും, ജിജ്ഞാസാപൂർണവും, ഭാവിയെ മുൻനിർത്തി ഇടപെടുന്നതുമായ ലക്ഷ്യത്തോടെ ഓരോ അപേക്ഷകരും അവരവരുടെ തന്നെ കലാപ്രവർത്തനത്തെയോ മറ്റുള്ളവരുടെ പ്രയോഗങ്ങളെയോ ആത്മപ്രകാശനശേഷി കൈവരിച്ചുകൊണ്ട് ഗവേഷണം നടപ്പിൽ വരുത്താൻ ഞങ്ങൾ താൽപ്പര്യപ്പെടുന്നു.

- ഇന്ത്യൻ കലയുടെ ചരിത്രത്തെയും, സാംസ്കാരിക പൈതൃകത്തെയും, വിവിധങ്ങളായ ആവിഷ്കാരങ്ങളെയും പുനഃപരിശോധിക്കുന്നതിലൂടെ വൈവിധ്യമാർന്ന കാഴ്ചപ്പാടുകൾ കണ്ടെത്തുന്നതും നിലവിലുള്ള ആഖ്യാനങ്ങളെയും പ്രതിനിധാന രൂപങ്ങളെയും ചോദ്യം ചെയ്യുന്നതുമായ ഗവേഷണ പദ്ധതികളാണ് ലക്ഷ്യമിടുന്നത്. സമൂഹ്യപരമായ ഇടപെടൽ സാധ്യമാക്കുന്നതും, കലയുടെയും അനുബന്ധ മേഖലകളുടെയും ചരിത്രം പുനഃപരിശോധിക്കുന്നതും, ഭാവിയിലുണ്ടാകുന്ന കലാപരമായ പ്രക്രിയകൾ എങ്ങനെയായിരിക്കുമെന്ന് പര്യവേക്ഷണം ചെയ്യുന്നതുമായ നൂതനഗവേഷണമാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

- അരികുവൽക്കരിക്കപ്പെട്ട മനുഷ്യരുടെ ആശയപ്രകാശനവും ആവിഷ്ക്കാരവും സാധ്യമാക്കുന്ന തരത്തിലുള്ള പുതിയ ഭാഷയും, പദാവലികളും, തദ്ദേശീയ/നാടൻ സങ്കേതങ്ങളുടെ രൂപീകരണവും ലക്ഷ്യമിടുന്ന ഗവേഷണങ്ങളും ഈ പദ്ധതിയുടെ ലക്ഷ്യങ്ങളിൽ ഒന്നാണ്. 'അരികുവത്ക്കരണം' അല്ലെങ്കിൽ 'ആധിപത്യപരം' എന്നിങ്ങനെ എതിർ നിൽക്കുന്ന ആശയങ്ങളെ പുനർനിർണയിക്കുന്ന വിധമുള്ള അന്വേഷണങ്ങൾ കൂടി ഇതിന്റെ പരിധിയിൽ വരുന്നതാണ്.

- ഗവേഷണത്തെ സംഭാഷണസ്വഭാവമുള്ള ഒരു പ്രവൃത്തിയായി കാണാനും ഈ പദ്ധതി ലക്ഷ്യമിടുന്നുണ്ട്. വിവിധതരത്തിലുള്ള വിഷയങ്ങളും കലാരൂപങ്ങളും തമ്മിലുള്ള അർത്ഥവത്തായ സംവാദങ്ങളെ പ്രോത്സാഹിപ്പിക്കുന്ന പദ്ധതികൾ നടപ്പിലാക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു (ഉദാഹരണത്തിന്, കലയും ശാസ്ത്രവും, കലയും തത്വചിന്തയും, കലയും ഡിജിറ്റൽ മാധ്യമങ്ങളും, സിദ്ധാന്തവും പ്രയോഗവും). കലാപരവും ഗവേഷണപരവുമായ പ്രക്രിയകൾ, സിദ്ധാന്തം, സംസ്കാരം, ശരീരങ്ങൾ, സാങ്കേതികവിദ്യകൾ എന്നിവയ്ക്കിടയിൽ സഹകരണത്തിന്റെയും സഹവർത്തിത്വത്തിന്റെയും പുതിയ രൂപങ്ങൾ തേടുന്ന ഗവേഷകരുമായി ഇടപഴകാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

- വിവർത്തനങ്ങളെ മുൻ നിർത്തിയുള്ള ഗവേഷണങ്ങളെയും ഞങ്ങൾ പ്രോത്സാഹിപ്പിക്കുന്നു. വിവർത്തനമെന്ന സർഗാത്മകപ്രക്രിയയെ കേന്ദ്രീകരിച്ചുള്ള അന്വേഷണങ്ങൾ നിർവഹിക്കാനും, ബഹുഭാഷാ സമീപനങ്ങൾ പരീക്ഷിക്കാനും, വിവർത്തനത്തിന്റെ സാംസ്കാരിക മൂല്യം സംവേദനം ചെയ്യാനും ആഗ്രഹിക്കുന്ന ഗവേഷകരിൽ നിന്നും ഞങ്ങൾ അപേക്ഷകൾ സ്വീകരിക്കുന്നു.

***കലകളെക്കുറിച്ചുള്ള ഗവേഷണമെന്ന ആശയം വികസിപ്പിക്കുന്നതിനായി മേൽസൂചിപ്പിച്ച മേഖലകൾക്ക് പുറത്തുള്ള അപേക്ഷകളും ഞങ്ങൾ സ്വാഗതം ചെയ്യുന്നു.***

**പദ്ധതിയുടെ കാലാവധി:**

നിങ്ങളുടെ പദ്ധതിക്ക് കുറഞ്ഞത് ഒരു വർഷവും പരമാവധി പതിനെട്ട് മാസങ്ങളും കാലാവധി ഉണ്ടായിരിക്കുന്നതാണ്.

### ബജറ്റ്:

നിങ്ങൾക്ക് പരമാവധി 5,00,000/- രൂപ വരെ പദ്ധതിക്കായി ബജറ്റ് തയ്യാറാക്കാവുന്നതാണ്. നിർദ്ദിഷ്ട ബജറ്റിന്റെ 35% കവിയാത്ത ഒരു ഹോണറേറിയത്തിനായി നിങ്ങൾക്ക് അപേക്ഷിക്കാവുന്നതാണ്. സ്ഥാപനപരമായ ചിലവുകൾക്കോ, കെട്ടിട നിർമ്മാണത്തിനോ, അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനോ ബജറ്റ് വിനിമയം ചെയ്യരുത്. ഗവേഷണത്തിന്റെ ആവശ്യത്തിന് ഉപകരണങ്ങൾ വാങ്ങുന്നതിനെ ഞങ്ങൾ പിന്തുണയ്ക്കുന്നതല്ല. എന്നാൽ, പദ്ധതിയുടെ പൂർത്തീകരണത്തിന് ഉപകരണങ്ങൾ നിർബന്ധമാണെങ്കിൽ പദ്ധതി പൂർത്തിയായ ശേഷം വാങ്ങിയ ഉപകരണങ്ങൾ ഐ എഫ് എ യിലേക്ക് തിരികെ നൽകേണ്ടതാണ്.

### ആർക്കൊക്കെയാണ് അപേക്ഷിക്കാൻ കഴിയുന്നത്?

വ്യക്തിഗത പണ്ഡിതന്മാർ, ഗവേഷകർ,കലയിൽ പ്രവർത്തിക്കുന്നവർ, സാമൂഹ്യപ്രവർത്തനം ചെയ്യുന്ന കലാകൃത്തുക്കൾ, ക്യുറേറ്റർമാർ, വിവർത്തകർ, കലയിൽ പ്രവർത്തിക്കുന്ന അധ്യാപകർ/പ്രബോധകർ, എഴുത്തുകാർ, തത്വചിന്തകർ, ഗെയിമിംഗ് ചെയ്യുന്നവർ തുടങ്ങി ഗവേഷണവും പ്രയോഗവും തമ്മിലുള്ള ബന്ധങ്ങളെ അന്വേഷിക്കാൻ താൽപ്പര്യമുള്ള ഏവർക്കും അപേക്ഷിക്കാവുന്നതാണ്.

### അപേക്ഷാ നടപടി ക്രമങ്ങൾ:

നിങ്ങളുടെ പ്രൊപ്പോസൽ അയയ്ക്കുന്നതിന് മുൻപ് പ്രൊജക്റ്റുമായി ബന്ധപ്പെട്ട ആശയങ്ങൾ ചർച്ച ചെയ്യണമെങ്കിലോ അതുമായി ബന്ധപ്പെട്ട എന്തെങ്കിലും ചോദ്യങ്ങൾ ചോദിക്കണമെങ്കിലോ **2026, July 11** നു മുൻപായി harshita@indiaifa.org എന്ന ഇമെയിൽ വിലാസത്തിൽ, ആർട്സ് റിസേർച്ചിലെ പ്രോഗ്രാം ഓഫീസർ ഹർഷിത ബത്വാളിന് **'Project Proposal for Arts Research'** എന്ന സബ്ജക്റ്റ് ലൈൻ ചേർത്ത് ഇമെയിൽ അയയ്ക്കുക.

നിങ്ങളുടെ പ്രൊപ്പോസൽ ഇംഗ്ലീഷ് ഉൾപ്പെടെ ഉള്ള ഏത് ഇന്ത്യൻ ഭാഷയിലും എഴുതാവുന്നതാണ്.

നിർദ്ദിഷ്ട പ്രൊജക്റ്റിലെ ഗവേഷണ ചോദ്യങ്ങൾ, ഗവേഷണ ലക്ഷ്യങ്ങൾ, വ്യക്തിഗത പ്രചോദനം, ഗവേഷണത്തിൽ ഉൾപ്പെട്ടിരിക്കുന്ന പങ്കാളികൾ തുടങ്ങിയ കാര്യങ്ങളിൽ വ്യക്തത ഉണ്ടായിരിക്കണം.

പൊതുജനങ്ങളുമായി പങ്കുവെക്കാൻ കഴിയുന്ന ഗവേഷണ ഫലങ്ങളോ പ്രക്രിയകളോ അടങ്ങിയ പ്രൊജക്റ്റ് ആശയങ്ങൾ വികസിപ്പിക്കാൻ ഞങ്ങൾ അപേക്ഷകരെ പ്രോത്സാഹിപ്പിക്കുന്നു. ഭാഷയിലധിഷ്ഠിതമായ പാഠങ്ങളായോ, ദൃശ്യപരമായ മാതൃകകളുടെ രൂപങ്ങളായോ, അവതരണരൂപങ്ങളായോ, ക്യൂറേറ്റോറിയൽ വിനിമയങ്ങളായോ, പെഡഗോജിക്കൽ സ്വഭാവമുള്ള ഗവേഷണ ഫലങ്ങളായോ, സ്ഥലപരമോ ഭൗതിക സ്വഭാവമുള്ളതോ ആയ അന്തിമരൂപങ്ങളായോ, ഡോക്യുമെന്ററിയായോ, ശബ്ദകേന്ദ്രിതമായ (സോണിക്) രൂപങ്ങളായോ, ഡിജിറ്റൽ രൂപങ്ങളായോ, മറ്റേതെങ്കിലും തരത്തിലുള്ള സാംസ്കാരിക വിനിമയരൂപങ്ങളുടെ മാതൃകയിലോ നിങ്ങളുടെ ഗവേഷണഫലം സമർപ്പിക്കാവുന്നതാണ്. പൊതുജന സമ്പർക്കം ലക്ഷ്യമാക്കിക്കൊണ്ടുള്ള വിശാലവും വൈവിധ്യപൂർണ്ണവുമായ വിനിമയങ്ങൾ സാധ്യമാക്കുന്ന അർത്ഥവത്തായ പ്രൊജക്റ്റുകളാണ് ലക്ഷ്യമിടുന്നത്.

നിങ്ങളുടെ അന്തിമ പ്രൊപ്പോസലും ബയോഡാറ്റയും ഫണ്ട് എങ്ങനെ വിനിയോഗിക്കുമെന്ന് വിശദീകരിക്കുന്ന **വിശദമായ ബജറ്റും**, 25 MB-യിൽ കവിയാത്ത ഒറ്റ ഇമെയിലിൽ harshita@indiaifa.org എന്ന വിലാസത്തിലേക്ക് 2026 ജൂലായ് 21 ഇന്ത്യൻ സമയം 11.59 PM നു മുൻപായി ഓൺലൈനിൽ സമർപ്പിക്കേണ്ടതാണ്.

### യോഗ്യതാ മാനദണ്ഡങ്ങൾ

- വിവിധപരിപാടികൾക്ക് കീഴിൽ ഇന്ത്യ ഫൗണ്ടേഷൻ ഫോർ ദ ആർട്സ് (ഐ എഫ് എ) അതിന്റെ പദ്ധതികൾ നടപ്പിലാക്കുന്നു. ഈ പ്രോഗ്രാമുകൾക്ക് കീഴിൽ അപേക്ഷിക്കാനുള്ള യോഗ്യതകൾ ഇനിപ്പറയുന്നവയാണ്.

- ഇന്ത്യൻ പൗരൻമാർക്ക് മാത്രമേ അപേക്ഷികാൻ കഴിയൂ. ഇതിൽ പി ഐ ഒ (ഇന്ത്യൻ വംശജരായ വ്യക്തികൾ), ഒ സി ഐ (വിദേശങ്ങളിലുള്ള ഇന്ത്യൻ വംശജർ) കാർഡ്ഉടമകൾ ഉൾപ്പെടുന്നില്ല.

- ഐഡന്റിറ്റിയും പൗരത്വവും തെളിയിക്കുന്നതിനായി അപേക്ഷകർക്ക് പാൻകാർഡും ഇനിപ്പറയുന്നവയിൽ ഏതെങ്കിലും ഒന്നും ഉണ്ടായിരിക്കണം- ഇന്ത്യൻ പാസ്പോർട്ട് അല്ലെങ്കിൽ ആധാർ കാർഡ് അല്ലെങ്കിൽ ഇന്ത്യയിലെ വോട്ടേഴ്സ് ഐഡി.

- വ്യക്തികൾക്ക് മാത്രമേ അപേക്ഷിക്കാനാകൂ. ഏതെങ്കിലും തരത്തിലുള്ള സ്ഥാപനങ്ങൾക്ക് അപേക്ഷിക്കാൻ കഴിയില്ല.

- പദ്ധതികളിൽ ഏതെങ്കിലും തരത്തിൽ സഹകരിക്കുന്നതിനായുള്ള വ്യക്തികൾ ഉണ്ടെങ്കിൽ അവരും ഇന്ത്യൻ പൗരൻമാരായിരിക്കണം.

- ഐഎഫ്എയിൽ സാമ്പത്തിക ക്രമക്കേടിന്റെ മുൻകാലചരിത്രമുള്ള വ്യക്തികൾക്ക് യോഗ്യതയുണ്ടായിരിക്കില്ല.

- മുമ്പത്തെ ഐഎഫ്എ ഗ്രാന്റിൽ നിന്ന് ഐഎഫ്എ അംഗീകൃത ഡെലിവറബിളുകളിൽ നിക്ഷേപിക്കാത്ത വ്യക്തികൾക്ക് അർഹതയില്ല

- ഏതെങ്കിലും കാരണത്താൽ ഭാവിയിൽ അപേക്ഷ നൽകുന്നതിന് വിലക്കേർപ്പെടുത്തിക്കൊണ്ടുള്ള കത്ത് ഐഎഫ്എയിൽ നിന്ന് ലഭിച്ചിട്ടുള്ള വ്യക്തികൾക്ക് യോഗ്യതയില്ല.

- ജോയിന്റ് അക്കൌണ്ട് ഉണ്ടെങ്കിൽ ഒന്നിലധികം വ്യക്തികൾക്ക് അപേക്ഷിക്കാം. അവർ അങ്ങനെ ചെയ്യുന്നില്ലെങ്കിൽ അവരിൽ ഒരാൾ മാത്രമേ മറ്റുള്ളവരുമായി സഹകരിക്കുന്നുവെന്ന് സൂചിപ്പിച്ചേ അപേക്ഷിക്കാവൂ.

### തെരഞ്ഞെടുപ്പ് പ്രക്രിയ:

ഷോർട്ട് ലിസ്റ്റ് ചെയ്യപ്പെട്ട പ്രൊജക്റ്റുകൾ ഒരു ബാഹ്യപാനൽ വിലയിരുത്തുന്നതോടൊപ്പം അപേക്ഷകർ അവരുടെ പ്രൊജക്റ്റ് ആശയങ്ങൾ പാനലിൽ അവതരിപ്പിക്കേണ്ടതുണ്ട്. വിലയിരുത്തപ്പെട്ട പ്രൊപ്പോസലുകളിൽ നിന്ന് യോഗ്യമായവ തെരഞ്ഞെടുക്കാനുള്ള ഐ എഫ് എ യുടെ തീരുമാനം അന്തിമമായിരിക്കും

അപൂർണമായ പ്രൊപ്പോസലുകളും യോഗ്യതയുടെ പരിധിയിൽ വരാത്ത അപേക്ഷകളും തെരഞ്ഞെടുപ്പ് പ്രക്രിയയുടെ പരിധിയിൽ ഉൾപ്പെടുന്നതല്ല.

തെരഞ്ഞെടുക്കപ്പെട്ട എല്ലാ ഗവേഷണ പദ്ധതികളും ഐ എഫ് എ നടപ്പിലാക്കുന്നതാണ്.

**അപേക്ഷയുമായി ബന്ധപ്പെട്ട സുപ്രധാന തീയതികൾ:**

- പദ്ധതിയുമായി ബന്ധപ്പെട്ട ആശയങ്ങളും ചോദ്യങ്ങളും ചർച്ച ചെയ്യുന്നതിനുള്ള അവസാന തീയതി: July 11, 2026
- അന്തിമ പ്രൊപ്പോസൽ സമർപ്പിക്കേണ്ട തീയതി: August 10, 2026
- തിരഞ്ഞെടുത്ത ഗവേഷണ പദ്ധതികളുടെ പ്രഖ്യാപനം: November 2026
- തെരഞ്ഞെടുക്കപ്പെട്ട പദ്ധതികൾ ആരംഭിക്കുന്ന സമയം: January 2027 (ഈ തീയതി മാറ്റത്തിന് വിധേയമാണ്)

*വിവിധ ഭാഷകളിൽ സംവാദത്തിനുള്ള അവസരം ലഭിക്കുന്നതിനായി ഇംഗ്ലീഷ് ഉൾപ്പെടെയുള്ള എല്ലാ ഇന്ത്യൻ ഭാഷകളിലും അപേക്ഷ സമർപ്പിക്കുവാൻ IFA പ്രത്യേകമായി പ്രോത്സാഹിപ്പിക്കുന്നു.*

*കുട്ടികൾ ഉൾപ്പെടെ എല്ലാ പൗരൻമാരെയും പിന്തുണയ്ക്കുകയും ബഹുമാനിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്ന സുരക്ഷിതമായ ഒരു അന്തരീക്ഷം സൃഷ്ടിക്കാൻ IFA പ്രതിജ്ഞാബദ്ധമാണെന്ന കാര്യം ശ്രദ്ധിക്കുക. അപേക്ഷകർ ഇതുമായി പൊരുത്തപ്പെടുകയും എല്ലായ്പ്പോഴും അത്തരമൊരു ആശയത്തെ ഉയർത്തിപ്പിടിക്കുകയും വേണം.*